പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1480 | 03.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി പ്രവർത്തകർക്കുളള വേതനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) അംഗൻവാടി പ്രവർത്തകർക്ക് 10,000/- രൂപയായും ഹെൽപ്പർമാർക്ക് 7,500/- രൂപയായും ഓണറേറിയം വർദ്ധിപ്പിച്ച് നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) 25.02.2016 ലെ സ.ഉ(എം.എസ്)നം. 21/2016/സാനീവ (അനുബന്ധം 1) പ്രകാരം വർക്കർമാരുടെ ഓണറേറിയം പ്രതിമാസം 10000/- രൂപയായും ഹെൽപ്പർമാരുടെ ഓണറേറിയം 7000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്കണവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50% സർക്കാർ വഹിക്കണമെന്നും ശേഷിക്കുന്ന 50% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 50% തുകയായ വകുപ്പ് വിഹിതം നൽകുന്നതിന് 30.08.2016 ലെ സ.ഉ(സാധാ) നം.409/16/സാനീവ (അനുബന്ധം 2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

H

അനുബന്ധം 1

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(എം.എസ്) നം.21/2016/സാ.നീ.വ. തീയതി, തിരുവനന്തപുരം 25.02.2016

---

പരാമർശം:
1) 24.08.2015-ലെ സ.ഉ(എം.എസ്) നം.50/2015/സാ.നീ.വ. ഉത്തരവ്
2) 10.08.2015-ലെ സ.ഉ(സാധാ) നം.2469/2015/ത.സ്വ.ഭ.വ. ഉത്തരവ്
3) 30.09.2015, 23.12.2015 എന്നീ തീയതികളിലെ വികേന്ദ്രീകരണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം
4) 16.02.2016-ലെ സ.ഉ (സാധാ) നം. 636/2016/ത.സ്വ.ഭ.വ ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്തെ അങ്കണവാടികളിൽ ജോലി ചെയ്തു വരുന്ന വർക്കർ, ഹെൽപർ എന്നിവർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകിവരുന്ന ഹോണറേറിയം താഴെ പറയും പ്രകാരമാണ്.

| വിഭാഗം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|
| അങ്കണവാടി വർക്കർ | 3000/- | 2600/- | 5600/- |
| അങ്കണവാടി ഹെൽപർ | 1500/- | 2600/- | 4100/- |

2)പരാമർശം (2) പ്രകാരം വർക്കർ / ഹെൽപർമാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്ന പ്രതിമാസ ഹോണറേറിയം 100/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

3)വികേന്ദ്രീകരണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3) പ്രകാരമുള്ള യോഗങ്ങളിൽ അങ്കണവാടി വർക്കർമാർക്ക് നല്കുന്ന ഹോണറേറിയം 6600/- രൂപയിൽ നിന്നും 10000/- രൂപയായും ഹെൽപർമാർക്ക് നല്കുന്ന ഹോണറേറിയം 4100/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിരുന്നു. വർദ്ധിപ്പിച്ച നല്കേണ്ട മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നല്കാൻ 10.02.2016-ലെ വികേന്ദ്രീകരണ സംസ്ഥാനതല കോ-ഒർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം യഥാക്രമം 10000/- രൂപയും 7000/- രൂപയും ആയി വർദ്ധിപ്പിക്കുമ്പോൾ ഇതിനാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നല്കണമെന്ന വ്യവസ്ഥയോടു കൂടി അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നല്കുന്നതിന് അനുവാദം നൽകി പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വർദ്ധനവിന് 01.04.2016 മുതൽ പ്രാബല്യവും നൽകിയിട്ടുണ്ട്.

13

4) പ്രസ്തുത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരാമർശം(4)ലെ ഉത്തരവിന്റെ ...ത്തിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം 01.04.2016 പ്രാബല്യത്തിൽ യഥാക്രമം 10,000/- രൂപയും 7,000/-രൂപയുമാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ. ഷാജഹാൻ
സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ് അഡീഷൽ ചീഫ് സെക്രട്ടറിയുടെ പി.എസ്
സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ പി.എസ്

അനുബന്ധം 2.

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ്- സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിനാവശ്യമായ അധിക തുകയുടെ വകുപ്പ വിഹിതമായ 50% അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

സാമൂഹ്യ നീതി (ബി) വകുപ്പ്

സ.ഉ( സാധാ) നം. 409/2016/സാനീവ തീയതി, തിരുവനന്തപുരം, 30/08/2016

---

പരാമർശം : 1) 10/08/2015 ലെ സ.ഉ(സാധാ)2469/15/തസ്വഭവ

2) 16/02/2016 ലെ സ.ഉ(സാധാ)നം. 636/2016/തസ്വഭവ

3) 25/02/2016 ലെ സ.ഉ(എം. എസ്) നം. 21/2016/സാനീവ

4) സാമൂഹ്യ നീതി ഡയറക്ടറുടെ 19/08/2016 ലെ ഐസിഡിഎസ്. ബി.6/5820/16 നമ്പർ കത്ത്

## ഉത്തരവ്

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി നൽകിയിരുന്ന ഓണറേറിയം 100/- രൂപയിൽ നിന്നും 1000/-രൂപയായി വർദ്ധിപ്പിച്ചു നൽകിയിരുന്നു. സൂചന (3) ലെ ഉത്തരവ് പ്രകാരം അംഗൻ വാടി വർക്കർമാരുടെ ഓണറേറിയം പ്രതിമാസം 10,000/- രൂപ ആയും അംഗൻവാടി ഹെൽപ്പർമാരുടെ ഓണറേറിയം 7,000/- രൂപ ആയും വർദ്ധിപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും നൽകുന്നതിന് സൂചന (2), (3) പ്രകാരം ഉത്തരവായിരുന്നെങ്കിലും ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാൽ വർദ്ധനവ് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് സൂചന (4) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അറിയിയ്ക്കുകയുണ്ടായി. അംഗൻവാടി വർക്കർമാരുടെ ഓണറേറിയം 4,400/- രൂപയും ഹെൽപ്പറുടെ ഓണറേറിയം 2,900/- രൂപ കൂടി വർദ്ധിച്ചതുപ്രകാരം തുക അനുവദിയ്ക്കുന്നതിന് അധികമായി 2,89,63,84,800/- രൂപ അധികം വരും എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അംഗൻവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയത്തിൻറെ 50% സർക്കാർ വഹിയ്ക്കണമെന്നും ശേഷിയ്ക്കുന്ന 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിയ്ക്കണമെന്നും പ്രഖ്യാപിച്ചിട്ടുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് ആകെ ആവശ്യമായി വരുന്ന 2,89,63,84,800/- രൂപയുടെ (ഇരുന്നൂറ്റി എൺപത്തി ഒൻപതു കോടി അറുപത്തി മൂന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി എണ്ണൂറു രൂപാ മാത്രം) 50% തുകയായ 1,44,81,92,400/- രൂപ (നൂറ്റി നാൽപത്തിനാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി നാനൂറ് രൂപാ മാത്രം) നടപ്പ വർഷത്തെ '2235-02-102-55 (NP)' ശീർഷകത്തിൽ നിന്നും വകുപ്പ വിഹിതമായി വഹിയ്ക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ ഷാജഹാൻ

സെക്രട്ടറി

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (ഡി ബി സെൽ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (U.O No. WW2/186/2016/ Fin dated 30/08/2016, Com No. 294698)

തദ്ദേശസ്വയംഭരണ വകുപ്പ്

വെബ്&ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

50